# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.8074      17/07/2014-ൽ മറുപടിക്ക്

## ജില്ലാ കാൻസർ കെയർ പദ്ധതി

**ചോദ്യം** — ശ്രീ. എം. വി. ശ്രേയാംസ് കുമാർ

**മറുപടി** — ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് "ജില്ലാ കാൻസർ കെയർ" പദ്ധതി ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്ത് മെഡിക്കൽ കോളേജുകളും റീജിയണൽ കാൻസർ സെന്ററുകളും ഇല്ലാത്ത ജില്ലകളിൽ സർക്കാർ മേഖലയിൽ സൗജന്യ അർബുദ രോഗ ചികിത്സ നടപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ജില്ലാ കാൻസർ കെയർ പദ്ധതി ആരംഭിച്ചത്. എന്നാൽ പദ്ധതിയുടെ പൊതുജന സ്വീകാര്യത കണക്കിലെടുത്ത് ഇത് എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇപ്പോൾ തിരുവനന്തപുരവും ഇടുക്കിയും ഒഴികെ എല്ലാ ജില്ലകളിലും ഇത് പ്രവർത്തനക്ഷമമാണ്. |
| (ബി) | വയനാട് ജില്ലയിൽ പ്രസ്തുത പദ്ധതിയുടെ സേവനം ലഭ്യമാകുന്നത് എവിടെയെന്ന് വ്യക്തമാക്കുമോ ; | (ബി) | വയനാട് ജില്ലയിൽ നല്ലൂർനാട് സർക്കാർ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ഈ സംവിധാനം ഒരുക്കിയിട്ടുണ്ട്. |
| (സി) | ഇതിനായി എന്തെല്ലാം സംവിധാനങ്ങളാണ് പ്രസ്തുത ആശുപത്രിയിൽ ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) | 2013-ജൂണിലാണ് നല്ലൂർനാട് ട്രൈബൽ ആശുപത്രിയിൽ ഈ പദ്ധതി ആരംഭിച്ചത്. സർവ്വീസിൽ ഓങ്കോളജിസ്റ്റുകളുടെ ദൗർലഭ്യം കണക്കിലെടുത്ത് കീമോതെറാപ്പിയിൽ വിദഗ്ധ പരിശീലനം നേടിയ രണ്ട് ഡോക്ടർമാരെയും രണ്ട് സ്റ്റാഫ് നഴ്സമാരെയും ഈ സെന്ററിലേക്ക് വിന്യസിക്കുകയുണ്ടായി. പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകമായി കീമോതെറാപ്പി വാർഡും ഇവിടെ സജ്ജീകരിക്കുകയുണ്ടായി. പേഷ്യന്റ് മോണിറ്റർ, ഇൻഫ്യൂഷൻ പമ്പുകൾ മറ്റ് അത്യാവശ്യ ഉപകരണങ്ങൾ, മരുന്നുകൾ, എന്നിവ ആരോഗ്യ വകുപ്പിന്റെ വാർഷിക പദ്ധതിയിലൂടെ നൽകിയ ഫണ്ടുപയോഗിച്ച് |

| | | | |
|---|---|---|---|
| | | | വാങ്ങുകയുണ്ടായി. ഇവിടെ കീമോതെറാപ്പി, പാലിയേറ്റീവ് കീമോതെറാപ്പി, അസൈറ്റിക് ടാപ്പിംഗ്, ബ്ലഡ് ട്രാൻസ്ഫ്യൂഷൻ തുടങ്ങിയ സേവനങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ഇതിനോടകം 408 (നാനൂറ്റി എട്ട്) കീമോതെറാപ്പി ഈ ആശുപത്രിയിൽ വച്ച് നൽകുകയും, 159 (നൂറ്റി അൻപത്തി ഒമ്പത്) പുതിയ കാൻസർ കേസുകൾ നിർണ്ണയിക്കപ്പെടുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ